ക്കുന്നതു് അങ്ങനെതന്നെ നിലനിൎത്തിക്കൊണ്ടുപോകണമെന്നാണോ ഗവൺമെൻറു് വിചാരിക്കുന്നതു്?

ശ്രീ. കെ. എം. കോര: അതിനെ സംബന്ധിച്ചു് പല എതിരഭിപ്രായങ്ങളുമുണ്ടു്. ഈ സഭയുടെ അഭിപ്രായം അനുസരിച്ചു് അതുംകൂടി ഗവൺമെൻറു് പുനൎവിചിന്തനയിൽ എടുക്കുന്നതാണു്.

ശ്രീ. എ. താണുപിള്ള: തിരുവിതാംകൂർ വിഭാഗത്തും കൊച്ചി വിഭാഗത്തും നെല്ലിൻെറ വിലയ്ക്കു് തുല്യത വരുത്തുന്നതിനു എത്ര താമസം വേണ്ടിവരും?

ശ്രീ. കെ. എം. കോര: കൊച്ചിയിൽ നെല്ലു് മില്ലിൽ കുത്തി അരിയായി കൊടുക്കുന്നതുകൊണ്ടുള്ള വ്യത്യാസമാണു് ഉള്ളതു്. ഇവിടെയും അങ്ങനെ ചെയ്യുവാൻ ആലോചനയുണ്ടു്. അതു നടപ്പിലായാൽ മിക്കവാറും ഏകീകരണം ഉണ്ടാകുന്നതാണു്.

ശ്രീ. സി. വി. ഇയ്യു: കഴിഞ്ഞ മകരം മുതൽ കൊച്ചിയിൽ കുറെ കർഷകൎക്കു് ബോണസ്സു് കൊടുക്കുകയും കുറെ കർഷകൎക്കു് അതു് കൊടുക്കാതിരിക്കുകയും ചെയ്തിട്ടുണ്ടു്. ബോണസ്സു് കൊടുത്ത കൃഷിക്കാരിൽനിന്നു് അതു് തിരിച്ചു വാങ്ങുവാൻ ഗവൺമെൻറു് വിചാരിക്കുന്നുണ്ടോ?

ശ്രീ. കെ. എം. കോര: അതിനെ സംബന്ധിച്ചു് ആലോചനയിൽ വന്നിട്ടില്ല. റപ്രസൻേറഷൻ വന്നാൽ അതിനെപ്പററി ആലോചിക്കാം.

ശ്രീ. സി. വി. ഇയ്യു: കൊടുത്തുപോയ ബോണസ്സു് തിരിച്ചു മേടിക്കാതിരിക്കുന്നതിനു് ഗവൺമെൻറിനു് ഭയവുണ്ടാകുമോ?

ശ്രീ. കെ. എം. കോര: അതു് കൂടി അനുസരിച്ചു് ചെയ്യാം.

സാഹിബു് ബഹദൂർ വി. എ. അബ്ദുൽ അസീസ്സു്: എന്തു സംഖ്യയാണു് ബോണസ്സു് കൊടുക്കുന്നതു്?

ശ്രീ. കെ. എം. കോര: നാലണ.

സാഹിബു് ബഹദൂർ വി. എ. അബ്ദുൽ അസീസ്സു്: ആകെയുള്ള ആദായത്തിൽനിന്നു ആണോ നാലണ ബോണസ്സു് കൊടുക്കുന്നതു്?

ശ്രീ. കെ. എം. കോര: അതേ.

Sri. R. K. Ram: May I know whether the Government will make efforts to distribute the paddy collected under the procurement system in an equitable manner to prove of benefit to the public at large?

Sri. K. M. Korah: As for as possible it is the intention of Government to distribute as much as possible.

ശ്രീ. എ. കെ. പാച്ചുപിള്ള: മററു സംസ്ഥാനങ്ങളിൽ എവിടെയെങ്കിലും ഇവിടെ കൊടുക്കുന്നതിൽ കൂടുതൽ വിലയ്ക്കു് നെല്ലു് വിതരണം ചെയ്യുവരുന്നതായി അറിയാമോ?

ശ്രീ. കെ. എം. കോര: അതേസംബന്ധിച്ചു് നോട്ടീസു് വേണം.

ഹരിജൻ ഹോസ്റ്റലുകൾ

* ൪൩. (൫) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ മറുപടി പറയുമോ.—

തിരുവനന്തപുരം, എറണാകുളം ഹരിജൻ ഹോസ്റ്റലുകളിൽ ൧൯൫൦–൫൧ സ്കൂൾ വർഷത്തിൽ എത്ര വിദ്യാൎത്ഥികൾവീതം താമസിച്ചിരുന്നു എന്നും, ഓരോ

LIBRARY ARCHIVES Kerala Legislative Assembly

ന്നിലും ഒരു മാസത്തേയും, സ്കൂൾ വർഷത്തേയും ചെലവുകൾ എന്ത് എന്നും പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) തിരുവനന്തപുരം ഹരിജൻ ഹോസ്റ്റലിൽ പ്രസ്തുത സ്കൂൾ വർഷത്തിൽ ൫൪ വിദ്യാർത്ഥികൾ താമസിച്ചിരുന്നു. ഒരു മാസത്തേയ്ക്ക് പ്രസ്തുത ഹോസ്റ്റലിൽ ശരാശരി ൧൭൦ രൂപായും ഒരു വർഷത്തേയ്ക്ക് ൧൭,൧൦൦ രൂപായും ചെലവായി.

(ബി) എറണാകുളം ഹരിജൻ ഹോസ്റ്റലിൽ പ്രസ്തുത വിദ്യാഭ്യാസവർഷത്തിൽ ൫൦ വിദ്യാർത്ഥികൾ താമസിച്ചിരുന്നു. ഒരു മാസത്തേയ്ക്ക് പ്രസ്തുത ഹോസ്റ്റലിൽ ൧,൧൪൫ രൂപായും ഒരു വർത്തേയ്ക്ക് ൧൩,൪൫൦ രൂപായും ചെലവായി.

ശ്രീ. സി. വി. ഇയ്യു: ഒരു ഹരിജൻ വിദ്യാർത്ഥിയ്ക്ക് എറണാകുളത്തെ ഹരിജൻ ഹോസ്റ്റലിൽ എത്ര രൂപാ വീതം കൊടുക്കുന്നുണ്ട്?

ശ്രീ. സി. കേശവൻ: ഒരു ഹരിജൻ വിദ്യാർത്ഥിക്ക് ഗവണ്മെൻറിൽനിന്നു ൪൦ രൂപാ കൊടുക്കുന്നുണ്ട്.

ശ്രീ. സി. വി. ഇയ്യു: ഗവണ്മെൻറിന്റെ അഭിപ്രായത്തോട് യോജിക്കാത്ത അഭിപ്രായമുള്ള കുട്ടികളെ ഹരിജൻ ഹോസ്റ്റലിൽനിന്നു പിരിച്ചുവിട്ടിരിക്കുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: ഗവണ്മെൻറ് നടത്തുന്ന ഹരിജൻ ഹോസ്റ്റലിൽ കുറച്ച് കുട്ടികൾ താമസിക്കുന്നുണ്ട്. കുറെ കുട്ടികൾ പ്രൈവറ്റ് ഹോസ്റ്റലുകളിൽ താമസിക്കുകയാണ്. പൊളിറ്റിക്കലായിട്ടുള്ള അഭിപ്രായവ്യത്യാസത്തിനു് ഗവണ്മെൻറ് നടത്തുന്ന ഹോസ്റ്റലിൽനിന്നും ആരേയും പിരിച്ചുവിട്ടിട്ടില്ല.

ശ്രീ. സി. വി. ഇയ്യു: വല്ല വിദ്യാർത്ഥികളേയും പിരിച്ചുവിട്ടിട്ടുണ്ടെങ്കിൽ അവരെ തിരിച്ചെടുക്കുമോ?

ശ്രീ. സി. കേശവൻ: അങ്ങനെ ചെയ്തിട്ടില്ല.

ചതുപ്പുസ്ഥലങ്ങൾ

*൪൭. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലപ്പുഴ പട്ടണത്തിലുള്ള ചതുപ്പുസ്ഥലം നികത്തി ജനവാസയോഗ്യമാക്കുന്നതിനു് ഗവണ്മെൻറ് ഇതിനകം വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാകും?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ആലപ്പുഴ പട്ടണത്തിൽ ഏതാണ്ടു് ൫൦ ഏക്കറോളം ചതുപ്പുനിലം നികത്തുന്നതിനു് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നതിനും അതു് നികത്തി കുറെ സ്ഥലം ലേലത്തിൽ കൊടുക്കുന്നതിനും ബാക്കിയുള്ള സ്ഥലത്തു് വീടുകൾ ഉണ്ടാക്കുന്നതിനും ആണ് പദ്ധതി.

(സി) എന്നേക്കു് പൂർത്തിയാക്കുമെന്നു പറയുവാൻ ഇപ്പോൾ നിവൃത്തിയില്ല. ആവശ്യമായ തുക സപ്ലിമെൻററി ഗ്രാൻറായി ലഭിച്ചുകഴിഞ്ഞാൽ നടപടികൾ തുടങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly